"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭാരതീയ ചികിത്സാ വകുപ്പ്-ജീവനക്കാര്യം-സമാശ്വാസ തൊഴിൽദാന പദ്ധതി-പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ അന്തരിച്ച പി.എൻ. സജീവിന്റെ ഭാര്യ ശ്രീമതി പി.വി രാധയ്ക്ക് ഭാരതീയ ചികിത്സാ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നല്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ്(എ) വകുപ്പ്**

സ.ഉ.(കൈ) നം.27/2024/AYUSH തീയതി,തിരുവനന്തപുരം, 18-11-2024

---

പരാമർശം:-

1. സ.ഉ.(പി) നം.12/99/ഉഭപവ.തീയതി 24.05.1999
2. സ.ഉ.(പി) 33/2014/ഉഭപവ. തീയതി 26.09.2014
3. സ.ഉ.(പി) 23/2015/ഉഭപവ. തീയതി 25.07.2015
4. സ.ഉ(കൈ) നം.5/2018/ഉഭപവ തീയതി21.02.2018
5. ശ്രീമതി രാധ പി.വി യുടെ 5.12.2019 ലെ അപേക്ഷ
6. എറണാകുളം ജില്ലാ കളക്ടറുടെ 22.05.2020 ലെ ഇ5-324013/20 നം. കത്ത്
7. ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടറുടെ 09.11.2020 ലെ ഇ4-104209/2020 നം. കത്ത്
8. .സ.ഉ.(കൈ) നം.21/2023/ഉഭപവ.തീയതി 09.11.2023
9. ശ്രീമതി രാധ പി.വി 03.04.2024 ൽ സമർപ്പിച്ച നിവേദനം
10. സ.ഉ.(കൈ) നം.11/2024/ഉഭപവ.തീയതി 24.06.2024
11. ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടറുടെ 27.08.2024 ലെ DISM/199/2024-E4 നം. കത്ത്
12. 15.11.2024 ലെ എ1/451/2020-ആയുഷ് നം. അനൗദ്യോഗിക കുറിപ്പ്

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 07.08.2019-ന് അന്തരിച്ച പി.എൻ. സജീവിന്റെ ഭാര്യ ശ്രീമതി പി.വി രാധ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാർശം-5 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം 6,7 പ്രകാരം എറണാകുളം ജില്ലാ കളക്ടറും ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടറും ശുപാർശ ചെയ്തിരുന്നു. ഭാരതീയ ചികിത്സാ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവില്ലായെന്ന് ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടർ റിപ്പോർട്ടു ചെയ്തിരുന്ന സാഹചര്യത്തിൽ ടിയാൾക്ക് മറ്റേതെങ്കിലും വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി ഒഴിവു റിപ്പോർട്ട് ചെയ്യുന്നതിലേക്ക് ടിയാളുടെ പ്രൊഫോർമ ഡീറ്റെയിൽസ് പൊതുഭരണ(സി.ഇ സെൽ ) വകുപ്പിൽ അയച്ചിരുന്നു.

2. തുടർന്ന് ശ്രീമതി പി.വി. രാധ, ടിയാൾക്ക് ഏതെങ്കിലും വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം-9 പ്രകാരം നിവേദനം

സമർപ്പിക്കുകയുണ്ടായി. നിലവിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിലേക്കായി ഭാരതീയ ചികിത്സാ വകുപ്പിൽ എറണാകുളം ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഒഴിവുള്ളതായും ശ്രീമതി പി.വി. രാധയുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് ടിയാൾക്ക് നിയമനം നൽകാവുന്നതാണെന്നും പരാമർശം -11 പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളതാണ്.

3. മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളിലും ഇക്കാര്യവുമായി ബന്ധപ്പെട്ട് പിന്നീടുണ്ടായിട്ടുള്ള മറ്റ് ഉത്തരവുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ അന്തരിച്ച പി.എൻ. സജീവിന്റെ ഭാര്യ ശ്രീമതി പി.വി. രാധ-യ്ക്ക്(പാറയ്ക്കൽ (H) കുന്നയ്ക്കൽ പി.ഒ, വാളകം, എറണാകുളം-682316) പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിച്ചും ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ എറണാകുളം ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

4. ശ്രീമതി പി.വി. രാധയുടെ വയസ്സ്, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ രേഖകൾ പരിശോധിച്ച് ശരിയാണെന്നുറപ്പവരുത്തി, നിയമനാധികാരി, ടിയാളിന് നിയമനോത്തരവ് നൽകുന്നതാണ്. സർക്കാർ സർവീസിലുള്ള സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, സമീപകാലത്തെടുത്തതും സംസ്ഥാന സർക്കാരിലെ ഗസറ്റഡ് ഓഫീസർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷക ഹാജരാക്കേണ്ടതാണ്. സൂചന രണ്ടിലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുവേണം അപേക്ഷകയുടെ സീനിയോറിറ്റി നിശ്ചയിക്കേണ്ടത്.

5. ശ്രീമതി പി.വി. രാധയുടെ ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ നിയമനാധികാരി മരണപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷക വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മറച്ചുവച്ചതായോ, തെറ്റായ വിവരം ലഭ്യമാക്കിയതായോ, അപേക്ഷ സമർപ്പിക്കുന്നവേളയിലോ, വകുപ്പുതല അന്വേഷണം നടത്തുന്ന സമയത്തോ സർക്കാർ കണ്ടെത്തുകയാണെങ്കിലോ, അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റുപറ്റിയെന്ന് പിന്നീട് കാണുകയാണെങ്കിലോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നൽകിയ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ,ഭാരതീയ ചികിത്സാവകുപ്പ്,തിരുവനന്തപുരം
ശ്രീമതി രാധ പി.വി,പാറയ്ക്കൽ (H),കുന്നയ്ക്കൽ പി.ഒ,വാളകം ,എറണാകുളം 682 316 (Regd. with A/D)
ജില്ലാ കളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ),കേരള,തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്
സ്റ്റോക്ക്ഫയൽ /ഓഫീസ് കോപ്പി.(എ1/451/2020-ആയുഷ് )

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 18-11-2024 16:27:37